പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതിയിൽപ്പെടുത്തി ഹോളോബ്രിക്സ് യൂണിറ്റ്, പ്രിന്റിംഗ് പ്രസ്സ്, ടൈലറിംഗ് യൂണിറ്റ്, മോൾഡ്സ്-ഡൈ യൂണിറ്റ്, ഗോൾഡ് ഓർണമെന്റ്സ് യൂണിറ്റ് എന്നിവയ്ക്കായി 31,37,000 രൂപ പ്രോജക്ട് തുകയായി വിവിധ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. എന്റെ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഫർണിച്ചർ യൂണിറ്റ്, ഫുഡ് പ്രൊഡക്ട്സ് യൂണിറ്റ്, ചിപ്സ് യൂണിറ്റ്, കോൺക്രീറ്റ് പ്രൊഡക്ട്സ് യൂണിറ്റ് എന്നിവയ്ക്കായി 12,30,000 രൂപ വിവിധ വ്യക്തികൾക്കായി നൽകിയിട്ടുണ്ട്.

അയ്യമ്പുഴ വില്ലേജിൽ കിൻഫ്ര പാർക്കിന്റെ രണ്ടാംഘട്ട വികസനം

142(2180) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ വില്ലേജിൽ കിൻഫ്ര എക്സ്പോർട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനുവേണ്ടി 250 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ എറണാകുളം ജില്ലാ കളക്ടർ, നെടുമ്പാശ്ശേരി ലാൻഡ് അക്വിസിഷൻ തഹൽസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

പട്ടികജാതി വിഭാഗക്കാർക്കായുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികൾ

143(2181) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി വ്യവസായ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വ്യവസായികാഭിരുചി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

GPM. 2/243/2020-32

LIBRARY ARCHIVES Kerala Legislative Assembly